മാതൃഭൂമി

16 October 2018



സി.എം.എഫ്.ആർ.ഐ.യിൽ നടന്ന മഹിളാ കർഷക ദിനാഘോഷ പരിപാടിയിൽ രേഖ കാർത്തികേയൻ അനുഭവം പങ്കുവയ്ക്കുന്നു

# മഹിളാ കർഷക ദിനാഘോഷം

**കൊച്ചി** ▸ കാറ്റിലും കോളിലും പതറാതെ കുടുംബത്തിന്റെ പട്ടിണി മാറ്റാൻ കടലിൽ മത്സ്യബന്ധനത്തിനിറങ്ങിയ അനുഭവം പങ്കുവച്ച രേഖ കാർത്തികേയൻ വനിതാ കർഷക സംഗമത്തിൽ താരമായി. കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) സംഘടിപ്പിച്ച മഹിളാ കർഷക ദിനാഘോഷത്തിന്റെ ഭാഗമായി നടത്തിയ സംഗമത്തിലാണ് കടലിൽ മത്സ്യബന്ധനം നടത്തുന്ന ഇന്ത്യയിലെ ഏക വനിതയായ രേഖ കാർത്തികേയൻ ജീവിതാനുഭവം വെളിപ്പെടുത്തിയത്.

മത്സ്യമേഖലയുമായി ബന്ധപ്പെട്ട തൊഴിൽ സംരംഭങ്ങളിൽ പ്രവർത്തിക്കുന്ന ഇരുപതോളം സ്ത്രീകൾ അനുഭവങ്ങൾ പങ്കുവച്ചു. ഡോ. വി. കൃപ, ഡോ. ഷോജി ജോസഫ്, ഡോ. രമ മധു, ഡോ. എൻ. അശ്വതി എന്നിവർ പാനൽ ചർച്ചയ്ക്ക് നേതൃത്വം നൽകി. സ്ത്രീകളിലെ പൊതുവായ ആരോഗ്യപ്രശ്നങ്ങളെ കുറിച്ച് അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലെ ഡോ. വിനീത മുരളി സംസാരിച്ചു. ഡോ. കെ.കെ. ജോഷി, ഡോ. സി. രാമചന്ദ്രൻ എന്നിവർ പ്രസംഗിച്ചു.

മഹിളാ കർഷക ദിനത്തോടനുബന്ധിച്ച് ഫിഷറീസ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർഥിനികൾക്കായി നടത്തിയ ചിത്രരചനാ മത്സരത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ വീണ കെ. വിനയ്, ജോഷ്ന സി. ജോസ് എന്നിവരും ഹയർ സെക്കൻഡറി വിഭാഗത്തിൽ കടമക്കുടി ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ സൂസൻ സന്തോഷ്, ഷിബിന ബിനോയ് എന്നിവരും ഒന്നും രണ്ടും സ്ഥാനങ്ങൾ നേടി.